വായ്പകൾക്കും അഡ്വാൻസുകൾക്കുമായി മൊത്തം 15.16 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. മുൻകൊല്ലങ്ങളിലെ വായ്പകളിലും അഡ്വാൻസുകളിലും നിന്നും 6.08 കോടി രൂപ വരവു പ്രതീക്ഷിക്കുകയും തൻമൂലം അറ്റചെലവ് 9.08 കോടി രൂപയായി ചുരുങ്ങുകയും ചെയ്യുന്നു.

വാർഷിക പദ്ധതി

കേന്ദ്രഗവൺമെൻറും പ്ലാനിംഗ് കമ്മിഷനുമായും ഈയിടെ നടത്തിയ ചർച്ചകളുടെ ഫലമായി 1970–71–ലെ പദ്ധതി അടങ്കൽ 46 കോടി രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. സംസ്ഥാന പ്ലാനിംഗ് വകുപ്പു തയ്യാറാക്കിയ താൽക്കാലിക അടങ്കലുകളുടെ അടിസ്ഥാനത്തിൽ വിവിധ പരിപാടികൾക്കായി ബഡ്ജറ്റിൽ തുക കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്. ബഡ്ജറ്റിൻ പ്രകാരമുള്ള മൊത്തം അടങ്കൽ 46.94 കോടി രൂപയാണ്. അങ്ങനെ 94 ലക്ഷം രൂപയുടെ വർദ്ധന ഉണ്ടായിട്ടുള്ളത്, പ്രധാനമായും സഹകരണ സംഘങ്ങളിലെ ഓഹരി മൂലധന നിക്ഷേപം (70 ലക്ഷം രൂപ–പുതുതായി പ്ലാനിൽ ഉൾപ്പെടുത്തിയ പരിപാടി) ഭവന നിർമ്മാണം (28 ലക്ഷം) എന്നിവയിൽ ആണ്. ബഡ്ജറ്റിന് അന്തിമരൂപം നൽകിയതിനുശേഷം പ്ലാനിംഗ് കമ്മിഷൻെറ പ്രോഗ്രാം അഡ്വൈസർ സംസ്ഥാനം സന്ദർശിക്കുകയും സംസ്ഥാന ഉദ്യോഗസ്ഥൻമാരുമായി പദ്ധതിയുടെ വിശദാംശങ്ങൾ ചർച്ചചെയ്യുകയുമുണ്ടായി. ഈ ചർച്ചകളുടെ ഫലമായി വേണ്ടിവന്നേക്കാവുന്ന മാറ്റങ്ങൾ ബഡ്ജറ്റിൽ കണക്കിലെടുത്തിട്ടില്ല.

1970–71–ലെ ബഡ്ജറ്റ് എസ്റ്റിമേറ്റിലെ ചില പ്രധാന പരിപാടികളിലേക്ക് ഞാൻ ഇനി കടക്കട്ടെ.

കാർഷികരംഗം

കൃഷിക്ക് ഉപയുക്തമായ ഭൂമിയുടെ 92 ശതമാനം ഇപ്പോൾത്തന്നെ കൃഷി ചെയ്തിരിക്കെ, ഇനിയും കൂടുതൽ സ്ഥലത്തേക്കു കൃഷി വ്യാപിപ്പിക്കുന്നതിനുള്ള സാദ്ധ്യത വിരളമാണ്. കടുംകൃഷിയുടെയും, ഒന്നിലധികം തവണ വിളവ് ഇറക്കുന്നതിൻെറയും പ്രാധാന്യം ഇതിൽനിന്നും വ്യക്തമാകുന്നു. ഈ വസ്തുത കണക്കിലെടുത്തുകൊണ്ട് രാസവളങ്ങൾ, ഉയർന്ന ഉൽപ്പാദനശേഷിയുള്ള വിത്തുകൾ എന്നിവ ഉപയോഗിക്കുവാനും, സാദ്ധ്യമാകുന്നിടത്തോളം ഒരുപ്പുനിലങ്ങളെ ഇരുപ്പൂനിലങ്ങളും മുപ്പൂ നിലങ്ങളും ആയി രൂപാന്തരപ്പെടുത്തുവാനും, കൃഷിക്കാരെ പ്രോൽസാഹിപ്പിക്കുവാൻ വേണ്ട പദ്ധതികൾ ഗവൺമെൻറ് ആവിഷ്കരിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ കൃഷിക്കാരിൽ ഭൂരിഭാഗവും സ്വന്തമായി വേണ്ടത്ര മുതൽമുടക്കാൻ കഴിവില്ലാത്ത ചെറുകിടക്കാരാണ്. ഇത്തരക്കാരുടെ നൻമയെ ലാക്കാക്കി ഗവൺമെൻറ്, ''ഏലാ ഉൽപ്പാദന യൂണിറ്റുകൾ'' രൂപീകരിക്കൻ ഉദ്ദേശിക്കുന്നുണ്ട്. ഒരുമിച്ചു കിടക്കുന്ന അഞ്ഞൂറ് ഏക്കറോ അതിൽ കൂടുതലോ ഉള്ള പാടശേഖരങ്ങളെ ഒരു ഏലാ ഉൽപ്പാദനകേന്ദ്രമാക്കുകയാണ്. ഈ പദ്ധതി. കൂടുതൽ ഉൽപ്പാദനശേഷിയുള്ള വിത്തുകൾ, മികച്ച യന്ത്രവൽക്കൃതകാർഷികോപകരണങ്ങൾ, രാസവളങ്ങൾ, കീടനാശിനികൾ മുതലായവയ്ക്കു പുറമേ ധനസഹായവും സാങ്കേതിക സഹായവും ഗവൺമെൻറ് നൽകുന്നതാണ്. കൃഷിക്കാരുടെ പ്രതിനിധികളും, സഹകരണസംഘങ്ങൾ, പഞ്ചായത്തുകൾ എന്നിവയിലെ അംഗങ്ങളും ഉൾപ്പെട്ട ഒരു ഉൽപ്പാദനകമ്മിറ്റിയുടെ മേൽനോട്ടത്തിലുള്ള കൂട്ടുപ്രവർത്തനത്തെ അടിസ്ഥാനമാക്കിയിട്ടുള്ളതാണ് അവിടത്തെ കൃഷി. 1970–71–ൽ ''ഏലാ ഉൽപ്പാദനയൂണിറ്റുകൾ'' രൂപീകരിക്കുന്നതിന് 10 ലക്ഷം രൂപാ വകകൊള്ളിച്ചിട്ടുണ്ട്. ചെറുകിട കൃഷിക്കാർക്കായുള്ള പൈലറ്റ് പ്രോജക്റ്റുകൾ രൂപീകരിക്കുക എന്നുള്ളതാണ് 1970–71–ലെ മറെറാരു പുതിയ പദ്ധതി. ഇത് ഒരു കേന്ദ്രാവിഷ്കൃത

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതിയാണ്. വിശദാംശങ്ങളും പരിശോധിച്ചുകൊണ്ടിരിക്കുന്നു. നാമമാത്രമായ ഒരു തുക ഇതിലേക്കായി ബഡ്ജറ്റിൽ ഉൾകൊള്ളിച്ചിട്ടുണ്ട്.

കായംകുളം കായലിൽ 750 ഏക്കറോളം നികത്തിയെടുത്ത് നെൽക്കൃഷി നടത്തിവരുന്നു. തൃശ്ശൂർ ഡിസ്ട്രിക്റ്റിൽ 20,000 ഏക്കർ കോൾനിലങ്ങളും കൃഷിക്ക് ഉപയുക്തമാക്കുന്നതിനുവേണ്ടി ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇത് ഗവൺമെൻറിന്റെ സജീവ പരിഗണനയിലാണ്. ഇതുപോലുള്ള ഒരു പദ്ധതി കുട്ടനാടൻ പ്രദേശത്തേക്കുവേണ്ടി തയ്യാറാക്കുന്നതിനു പ്രാരംഭോന്വേഷണങ്ങളും നടത്തിവരികയാണ്. കുട്ടനാടൻ പ്രദേശങ്ങളുടെ ഏകീകൃതവികസനത്തിനായി ''കുട്ടനാട് ഡെവലപ്പ്മെൻറ് അതോറിറ്റി'' എന്നപേരിൽ ഒരു സംഘടന രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. റോഡുകളും. പാലങ്ങളും മുതലായ പണികളും ഉൾപ്പെടെ വികസനത്തിന്റെ അടിത്തറ പാകുന്നതിനാണ് ഈ അതോറിറ്റികൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിനായി ഒരു ടോക്കൺ സംഖ്യ 1970–71–ലെ ബഡ്ജറ്റിലുൾക്കൊള്ളിച്ചിട്ടുണ്ട്. കണ്ണൂർ ഡിസ്ട്രിക്റ്റിലുള്ള തരിശു ഭൂമികളും പാഴ്സ്ഥലങ്ങളും മെച്ചപ്പെടുത്തിയെടുക്കുന്ന ജോലി അഗ്രോ–ഇൻഡസ്ട്രീസ് കോർപ്പറേഷൻ തുടർന്നു നടത്തിവരികയാണ്.

കാർഷികരംഗത്ത് അടുത്തകാലത്തുണ്ടായിട്ടുള്ള നവോത്ഥാനത്തിന്റെ പ്രതീകമാണ് അഗ്രോ–ഇൻഡസ്ട്രീസ് കോർപ്പറേഷൻ. ആധുനിക കൃഷി സമ്പ്രദായങ്ങളും നമ്മുടെ കൃഷിക്കാർ പ്രയോജനപ്പെടുത്തന്നതിനുവേണ്ടി ഹയർ പർച്ചേസ് അടിസ്ഥാനത്തിൽ ട്രാക്റ്ററുകളും, കലപ്പകളും, പമ്പുസെറ്റുകളും, മറ്റു യന്ത്രവൽക്കൃത കാർഷികോപകരണങ്ങളും എന്നിവയുടെ വിതരണം ഈ കോർപ്പറേഷൻ ഏറ്റെടുത്തിട്ടുണ്ട്. വർദ്ധിച്ച തോതിൽ നമ്മുടെ കൃഷിക്കാർ സാമ്പത്തിക സ്ഥാപനങ്ങളിൽനിന്നു ലഭിക്കുന്ന മൂലധനം ഉപയോഗപ്പെടുത്തിത്തുടങ്ങിയിട്ടുണ്ട് എന്നുള്ളതാണ് മറെറാരു പ്രധാന സംഭവവികാസം. അഗ്രിക്കൾച്ചറൽ ഫിനാൻസ് കോർപ്പറേഷൻ, അഗ്രിക്കൾച്ചറൽ റീഫൈനാൻസ് കോർപ്പറേഷൻ, സഹകരണ ബാങ്കുകളും എന്നീസ്ഥാപനങ്ങളിൽനിന്ന് സാമ്പത്തിക സഹായം ലഭ്യമാകുന്നതിന് ഉതകുന്ന പദ്ധതികളും ആവിഷ്ക്കരിച്ചിട്ടുണ്ട്. ദേശസാൽക്കരിച്ച ചില ബാങ്കുകളുടെ പ്രതിനിധികളുമായി ഞങ്ങൾ നടത്തിയ ഫലപ്രദമായ ചർച്ചകൾമൂലം സംസ്ഥാനത്തിന്റെ ഉൽപ്പാദനപ്രവർത്തനങ്ങൾക്ക് ബാങ്കിംഗ് മേഖലയിൽ നിന്നും ഉദാരമായ സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള സാധ്യത തെളിഞ്ഞിട്ടുണ്ട്. അങ്ങിനെ കാർഷികരംഗത്ത് ആവശ്യമായ മുതൽമുടക്കിനു വേണ്ട ധനം ലഭിച്ചുവരികയാണ്.

സംസ്ഥാനത്ത് ഒരു കാർഷിക സർവ്വകലാശാല സ്ഥാപിക്കുന്നതിന് ഗവൺമെൻറ് തീരുമാനിച്ചു കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത സർവ്വകലാശാലയുടെ ആസ്ഥാനം തൃശ്ശൂർ ആയിരിക്കും. പ്രാരംഭച്ചെലവുകൾക്കായി ഒരുലക്ഷം രൂപ ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സർവ്വകലാശാല കാർഷിക സംബന്ധമായ ഗവേഷണങ്ങൾക്കു വേണ്ട പ്രോൽസാഹനം നൽകുകയും ആധുനിക ശാസ്ത്രീയ–സാങ്കേതിക വിജ്ഞാനം കൃഷികാർക്ക് എത്തിച്ചുകൊടുക്കുകയും ചെയ്യുമെന്നു വിശ്വസിക്കുന്നു.

കയറുമതി സാധ്യതയുള്ള നാണ്യവിളകൾക്ക് വേണ്ടത്ര പരിഗണന ലഭിച്ചിട്ടുണ്ട്. തളിപ്പറമ്പ് കൃഷി ഗവേഷണ കേന്ദ്രത്തിൽനിന്നും പുറത്തിറക്കിയതും, ഈ സംസ്ഥാനത്തും. അയൽ സംസ്ഥാനങ്ങളിലും പ്രചുര പ്രചാരത്തിൽ ഇരിക്കുന്നതുമായ ''പന്നിയൂർ–1'' എന്ന സങ്കര ഇനം കുരുമുളക് സാധാരണ ഇനം കുരുമുളകിനെക്കാൾ നാലിരട്ടി വിളവുനൽകുന്നു. കാർഷികോൽപ്പാദന വർദ്ധനവിനുവേണ്ടി നാം നടത്തിയിട്ടുള്ള തീവ്രയത്നങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഫലപ്രാപ്തിയിൽ എത്തിയിരിക്കുന്നു. അങ്ങിനെ നമ്മുടെ സംസ്ഥാനം തികച്ചും ഒരു ഹരിതവിപ്ലവത്തിലൂടെ കടന്നുകൊണ്ടിരിക്കുകയാണ്.

തേയിലത്തോട്ടം, റബ്ബർത്തോട്ടം മുതലായവയുടെ വികസനത്തിനായി വിവിധ തരത്തിലുള്ള സാമ്പത്തികപദ്ധതികളും പ്രാബല്യത്തിലുണ്ട്. തോട്ടങ്ങളുടെ പുനരുദ്ധാരണപദ്ധതികളും സ്വദേശത്തോട്ടം ഉടമകളും വേണ്ടുംവിധം പ്രയോജനപ്പെടുത്തുമ്പോൾ വിദേശക്കമ്പനികളും ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധചെലുത്തുന്നില്ല. ഉദാഹരണമായി തേയിലത്തോട്ടവ്യവസായരംഗത്ത് കുത്തകസ്ഥാപിച്ചിട്ടുള്ള ഒൻപതു വിദേശകമ്പനികളും റീപ്ലാന്റിംഗിൽ ഖേദകരമായ അനാസ്ഥയാണ് കാണിക്കുന്നത്. നിലവിലുള്ള വിഭവങ്ങളെ ചൂഷണം ചെയ്യുകമാത്രമാണു വിദേശകമ്പനികളുടെ ഉദ്ദേശം. അവരുടെ ദീർഘദൃഷ്ടി ഇല്ലായ്മമൂലം തേയില തുടങ്ങിയ നാണ്യവിളകളുടെ ഉൽപ്പാദനേത്തകർച്ചയെ ഈ സംസ്ഥാനം പൊടുന്നനെ നേരിടേണ്ടി വന്നേക്കും. നമ്മുടെ സംസ്ഥാനത്തിന്റെയും ഈ രാജ്യത്തിന്റെ ഒട്ടാകെയുമുള്ള സമ്പദ്വ്യവസ്ഥയുടെ വിശാലമായ താൽപ്പര്യങ്ങളെക്കരുതി വിദേശ ഉടമയിലുള്ള തോട്ടങ്ങളുടെ ഭാവിയെ സംബന്ധിച്ചു യുക്തമായ ചില നടപടികളും എടുക്കേണ്ടിയിരിക്കുന്നു. ഇൻഡ്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ എക്കണോമിക്സ് പ്രൊഫസർ ഡോക്ടർ പി. കെ. ബർധാൻ ചെയർമാനായും, അസോഷിയേറ്റ് പ്രൊഫസർ ഡോക്ടർ എസ്സ്. ടെൻഡുൽക്കർ മെമ്പറായും ഒരു കമ്മിഷനെ, തോട്ടങ്ങളുടെ പ്രവർത്തനങ്ങളെപ്പറ്റി അന്വേഷിക്കുന്നതിന് അടുത്തക്കാലത്തു ഗവൺമെൻറ് നിയമിച്ചിട്ടുണ്ട്. റബ്ബർ ബോർഡിന്റെ മുൻഗവേഷണ ഡയറക്ടറായ ഡോക്ടർ കെ. ടി. ജേക്കബ് കമ്മീഷനു വേണ്ട സാങ്കേതികസഹായം നൽകുന്നതാണ്. കമ്മിഷന്റെ അന്വേഷണ കാര്യങ്ങൾ താഴെപ്പറയുന്നവയാണ്:

(1) കേരളത്തിലെ വിദേശ ഉടമയിലുള്ള തോട്ടങ്ങളുടെ ഇന്നത്തെ അവസ്ഥയും, സംസ്ഥാനത്തിന്റെ സമ്പദ്വ്യവസ്ഥയ്ക്കു അവ നൽകുന്ന സംഭാവനയും എന്താണെന്നു പരിശോധിക്കുക;

(2) പ്രസ്തുത തോട്ടങ്ങളിൽ 1961—നു ശേഷമുണ്ടായിട്ടുള്ള വികസന പ്രവർത്തനങ്ങളും അടുത്ത പത്തുകൊല്ലത്തേക്കുള്ള പരിപാടികളും വിലയിരുത്തുക;

(3) കേരള സംസ്ഥാനത്തിന്റെ സമ്പദ്വ്യവസ്ഥയ്ക്കും രാജ്യത്തിന്റെ കയറ്റുമതിക്കും മികച്ച സംഭാവന നൽകത്തക്കവിധം ഈ തോട്ടങ്ങളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനു വേണ്ട നിർദ്ദേശങ്ങളും നൽകുക.

കൂടാതെ കമ്മിഷൻ, വിദേശ ഉടമയിലുള്ള തോട്ടങ്ങളും ദേശസാൽക്കരിക്കുന്നകാര്യം പരിശോധിക്കുന്നതും ആവശ്യമെങ്കിൽ നൽകേണ്ടിവരുന്ന പ്രതിഫലത്തിന്റെ അടിസ്ഥാനതത്വവും തോതും നിർദ്ദേശിക്കുന്നതും ആകുന്നു.

ഭൂപരിഷ്ക്കരണം

1970—ാം വർഷത്തിന്റെ പൊൻപുലരി വന്നണഞ്ഞതു രക്തരഹിതവും എന്നാൽ പുരോഗമനപരവും മൗലികവുമായ ഒരു വിപ്ലവത്തിന്റെ നാന്ദി കുറിച്ചുകൊണ്ടാണ്. ഭൂപരിഷ്ക്കരണ നിയമത്തിന്റെ 72—ാം വകുപ്പനുസരിച്ചുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചതോടുകൂടി നവവത്സരദിനം ഈ സംസ്ഥാനത്തിലെ ജൻമിത്തത്തിന്റെ ഔപചാരികമായ അന്ത്യം രേഖപ്പെടുത്തി. ജൻമിത്തം അതിന്റെ ബഹുമുഖരൂപങ്ങളിലും അവസ്ഥാവിശേഷങ്ങളിലും നിരുത്തലാക്കപ്പെടുകയും സ്റ്റേറ്റും കർഷകനും തമ്മിൽ നേരിട്ടുള്ള ബന്ധം സ്ഥാപിതമാവുകയും ചെയ്തു. ഇതു നിയമവശം

LIBRARY ARCHIVES Kerala Legislative Assembly